5/10/2022
5/10/2022

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - കേരള റൂറൽ എംപ്ലോയ്മെന്റ് വെൽഫെയർ സൊസൈറ്റി (ക്രൂസ്)-ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടേയും അച്ചടി ജോലി ചെയ്യുന്നതിന് ക്രൂസിന്റെ സ്ഥാപനമായ ഗ്രാമലക്ഷ്മി മുദ്രാലയത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ. ബി.) വകുപ്പ്

സ.ഉ. (സാധാ) നം.2519/2022/തസ്വഭവ. തിരുവനന്തപുരം, തീയതി, 18.10.2022.

---

പരാമർശം:-1. 28/03/2015 ലെ സ. ഉ (സാധാ) നം. 965/2015/ത.സ്വ.ഭ.വ

2. ക്രൂസ് മാനേജിംഗ് ഡയറക്ടറുടെ (പഞ്ചായത്ത് ഡയറക്ടർ) 27/06/2022 ലെ എ/431/2022 നമ്പർ കത്ത്

## ഉത്തരവ്

പഞ്ചായത്ത് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ അച്ചടി ജോലികൾ ടെണ്ടർ/ ക്വട്ടേഷൻ നടപടി കൂടാതെ കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി (ക്രൂസ്)യുടെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നടത്തുന്നതിന് അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപറേഷൻ എന്നിവിടങ്ങളിൽ പേപ്പർലെസ്സ് സംവിധാനം നടപ്പാക്കി വരുന്ന സാഹചര്യത്തിൽ ഗ്രാമലക്ഷ്മി മുദ്രാലയത്തിലെ അച്ചടി ജോലികൾ കുറഞ്ഞ് വരികയാണ് എന്നും അതിനാൽ മേൽ ഉത്തരവ് ഭേദഗതി ചെയ്ത് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും അച്ചടി ജോലികൾ ടെണ്ടർ / ക്വട്ടേഷൻ നടപടി കൂടാതെ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് നൽകണമെന്നും കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി (ക്രൂസ്) മാനേജിംഗ് ഡയറക്ടർ(പഞ്ചായത്ത് ഡയറക്ടർ) അഭ്യർഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടേയും അച്ചടി ജോലികൾ മത്സരാധിഷ്ഠിത ലേല നിരക്കിനേക്കാൾ കുറവോ തുല്യമോ ആയ തുകയ്ക്ക് ചെയ്യുന്നതിന് ക്രൂസിന്റെ സ്ഥാപനമായ ഗ്രാമലക്ഷ്മി മുദ്രാലയം തയ്യാറാണെങ്കിൽ ആവശ്യമുള്ള അച്ചടിജോലികൾ ടെണ്ടർ / ക്വട്ടേഷൻ കൂടാതെ ടി സ്ഥാപനത്തിന് നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പ്രീത. കെ. എസ്**
**അഡീഷണൽ സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം

തദ്ദേശ സ്വയം ഭരണ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി (ക്രൂസ്) തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള ,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ &ഇ ),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ &പബ്ളിക് റിലേഷൻസ് (വെബ്&ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.